**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6060** **09-07-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ; | (എ) | സാങ്കേതിക വിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽ വന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റു വിതരണ കമ്പനികളുമായി താരതമ്യം ചെയ്തും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ച്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധതലങ്ങളിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ നടന്നു വരുന്ന റീ-സ്ട്രക്ച്ചറിംഗ് നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ഓരോ തസ്തികയിലേയും അംഗീകൃത എണ്ണം കൃത്യമായി കണക്കാക്കാൻ കഴിയൂ. അതിനനുസരിച്ച് മാത്രമേ തസ്തികകളുടെ എണ്ണം നിർണയിക്കുവാനും ഒഴിവുകൾ കണ്ടെത്താനും കഴിയുകയുള്ളൂ. ആയതിനു ശേഷം കണ്ടെത്തുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാവുന്നതാണ്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സാങ്കേതിക വിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽ വന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റു വിതരണ കമ്പനികളുമായി താരതമ്യം ചെയ്തും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ച്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം |

| | | | |
|---|---|---|---|
| | | | 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധതലങ്ങളിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ നടന്നു വരുന്ന റീ-സ്ട്രക്ചറിംഗ് നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ഓരോ തസ്തികയിലേയും അംഗീകൃത എണ്ണം കൃത്യമായി കണക്കാക്കാൻ കഴിയൂ. അതിനനുസരിച്ച് മാത്രമേ തസ്തികകളുടെ എണ്ണം നിർണയിക്കുവാനും ഒഴിവുകൾ കണ്ടെത്താനും കഴിയുകയുള്ളൂ. ആയതിനു ശേഷം കണ്ടെത്തുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ